**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2257** — **30-09-2025 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ ആശുപത്രികളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലെ ആയുർവേദം, ഹോമിയോ എന്നീ വിഭാഗങ്ങളിലെ ആശുപത്രികളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | **നാഷണൽ ആയുഷ് മിഷൻ**<br><br>ഗവ. ആയുർവേദ ഡിസ്പെൻസറി അരുവിപ്പുറം, ഗവ.ആയുർവേദ ഡിസ്പെൻസറി കള്ളിക്കാട്, ഗവ.ആയുർവേദ ഡിസ്പെൻസറി കുന്നത്തുകാൽ, ഗവ.ആയുർവേദ ഡിസ്പെൻസറി ഒറ്റശേഖരമംഗലം എന്നീ സ്ഥാപനങ്ങളെ ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളായി upgrade ചെയ്തിട്ടുണ്ട് .<br>ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെൻററുകളായി അപ്ഗ്രേഡ് ചെയ്ത സ്ഥാപനങ്ങളിൽ ഒരു യോഗ ഇൻസ്ട്രക്ടറെയും, മൾട്ടി പർപ്പസ് ഹെൽത്ത് വർക്കറെയും നാഷണൽ ആയുഷ് മിഷൻ മുഖേന നിയമിച്ചിട്ടുണ്ട്.<br><br>ജീവിതശൈലി രോഗങ്ങളെക്കുറിച്ച് പൊതുജന അവബോധം വളർത്തുകയും അത്തരം രോഗങ്ങൾക്കെതിരായ പ്രതിരോധ നടപടിയായി ജീവിതശൈലി മാറ്റങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ AYUSH Wellness centre എന്ന പദ്ധതി പാറശാല ആയുർവേദ ആശുപത്രിയിൽ നടപ്പിലാക്കി വരുന്നു. ആയുർവേദത്തിൽ അധിഷ്ഠിതമായ ആരോഗ്യശീലങ്ങൾ പ്രചരിപ്പിക്കുക, പകർച്ചവ്യാധി പ്രതിരോധം, ജീവിത ശൈലി രോഗപ്രതിരോധം എന്നിവയിലൂന്നിയ പ്രവർത്തനങ്ങൾ നടത്തുക, യോഗ, ഔഷധ സസ്യകൃഷി തുടങ്ങിയവ പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്ക് വേണ്ടി ആയുഷ് ഗ്രാമം പദ്ധതി ഗവ.ആയുർവേദ ഡിസ്പെൻസറി കുന്നത്തുകാലിൽ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | **<u>ഹോമിയോപ്പതി വകുപ്പ്</u>**<br>പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ഹോമിയോപ്പതി സ്ഥാപനങ്ങളുടെ വികസനത്തിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ വഴി മരുന്നുകൾ വാങ്ങുന്നതിനും, കെട്ടിട നിർമ്മാണത്തിനും, അറ്റകുറ്റ പണികൾക്കും, കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും, ലാപ്ടോപ്പ് വാങ്ങുന്നതിനും, ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായും, ഇൻവെർട്ടർ വാങ്ങുന്നതിലേക്കായും, വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിലേക്കായും, ഫർണിച്ചർ വാങ്ങുന്നതിനും, ദൈനംദിന ചെലവുകൾക്കായു തുകകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ നാഷണൽ ആയുഷ് മിഷൻ വഴി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും, കണ്ടിജൻസി ഇനത്തിലും തുകകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ വകുപ്പ് തല പ്ലാൻ ഫണ്ടിൽ നിന്നും വിവിധ പദ്ധതികൾക്കായി തുകകൾ അനുവദിച്ചിട്ടുണ്ട്.<br><br>**<u>ഭാരതീയ ചികിത്സാ വകുപ്പ്</u>**<br><br>പാറശ്ശാല നിയോജക മണ്ഡലത്തിൽ ഭാരതീയ ചികിത്സാ വകുപ്പിന്റെ 7 സ്ഥാപനങ്ങളും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 3 സ്ഥാപനങ്ങളും ഉൾപ്പെടെ ആകെ 10 ആയുർവേദ സ്ഥാപനങ്ങളാണ് ഉള്ളത്. അവിടെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ **അനുബന്ധം-1** ആയി ചേർക്കുന്നു. |
| (ബി) | ആയതിലേയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ആശുപത്രി തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; | (ബി) | **നാഷണൽ ആയുഷ് മിഷൻ**<br>ഗവ.ആയുർവേദ ഡിസ്പെൻസറി അരുവിപ്പുറത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഇതുവരെ ചെലവായ തുക Rs. 29,99,980/-. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.<br>ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളായി അപ്ഗ്രേഡ് ചെയ്ത മേൽ പരാമർശിച്ച നാല് സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റും 5 ലക്ഷം രൂപ വീതം അതാത് പഞ്ചായത്തുകൾക്ക് നാഷണൽ ആയുഷ് മിഷൻ മുഖേന അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.<br><br>**ഹോമിയോപ്പതി വകുപ്പ്**<br>ആശുപത്രി തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം-2** ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | **ഭാരതീയ ചികിത്സാ വകുപ്പ്**<br>ആശുപത്രി തിരിച്ചുള്ള വിശദാംശങ്ങൾ<br>**അനുബന്ധം-3**ആയി ചേർക്കുന്നു. |
| (സി) | 2016 സാമ്പത്തിക വർഷം മുതൽ ദേശീയ ആരോഗ്യദൗത്യം ഫണ്ട്, സംസ്ഥാന ആരോഗ്യവകുപ്പിന്റെ പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിച്ച് പാറശ്ശാല മണ്ഡലത്തിലെ വിവിധ ആരോഗ്യകേന്ദ്രങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ, പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവ വിശദമാക്കാമോ? | (സി) | **<u>ഹോമിയോപ്പതി വകുപ്പ്</u>**<br>2016 സാമ്പത്തിക വർഷം മുതൽ ഹോമിയോപ്പതി വകുപ്പിന്റെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1. സ്ഥാപനങ്ങളിൽ AHIMS 2.0 നടപ്പിലാക്കുന്നതിനായി ലാപ്ടോപ് വാങ്ങുന്നതിന് 39,121/ രൂപ ചെലവഴിച്ചു.<br>2. സ്ഥാപനങ്ങളിൽ ഫയർ എക്സ്റ്റിങ്ഗ്വിഷർ സ്ഥാപിക്കുന്നതിന് 21,417/-രൂപ ചെലവഴിച്ചു.<br>3. കമ്പ്യൂട്ടർ പെരിഫെറൽസ് ഇനത്തിൽ 34,500/- രൂപ ചെലവഴിച്ചു.<br>4. IEC ഇനത്തിൽ 85,196/- രൂപ ചെലവഴിച്ചു<br><br>**<u>ഭാരതീയ ചികിത്സാ വകുപ്പ്</u>**<br>വിശദാംശങ്ങൾ **അനുബന്ധം-4** ആയി ചേർക്കുന്നു.<br><br>**<u>ദേശീയ ആരോഗ്യ ദൗത്യം</u>**<br><br>2016 സാമ്പത്തിക വർഷം മുതൽ ദേശിയ ആരോഗ്യ ദൗത്യം ഫണ്ട്, സംസ്ഥാന ആരോഗ്യവകുപ്പിന്റെ പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിച്ച് പാറശ്ശാല മണ്ഡലത്തിൽ NHM മുഖേനെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം-5** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

1. ഗവ.ആയുർവേദ ആശുപത്രി, പാറശ്ശാല

പാറശ്ശാല പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഈ ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങളുടെ വികസനത്തിനായി പ്ലാൻ, നാഷണൽ ആയുഷ് മിഷൻ, എം.എൽ.എ ഫണ്ടുകൾ ഉൾപ്പെടെ ആകെ 29990000/- രൂപ വിനിയോഗിച്ച് പുതിയ ഓ പി, ഐ പി, പേ വാർഡുകൾ നിർമിച്ചു നൽകിയിട്ടുണ്ട്. പുതിയ ഓ പി ഫേസ് 2 ബ്ലോക്കിന്റെ നിർമാണം പുരോഗമിച്ചു വരുന്നു. 2018-19 ൽ പ്ലാൻ ഫണ്ട് (2,80,000/-) രൂപ വിനിയോഗിച്ച് ഇൻസിനറേറ്റർ, പ്ലാൻ ഫണ്ട് (20,992/-) വിനിയോഗിച്ച് നാപ്കിൻ ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്.

2. ഗവ. ആയുർവേദ ഡിസ്പൻസറി, കള്ളിക്കാട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2023-24 ൽ പെയിന്റിംഗ്, കെട്ടിട അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി 1.00 ലക്ഷം രൂപ LSGD ഫണ്ട് ഉപയോഗിച്ച് പണി പൂർത്തീകരിച്ചിട്ടുണ്ട്.

3. ഗവ. ആയുർവേദ ഡിസ്പൻസറി, ഒറ്റശേഖരമംഗലം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2023-24 ൽ കെട്ടിട നവീകരണത്തിനായി LSGD ഫണ്ടിൽ നിന്നും 2,50,000 രൂപ വിനിയോഗിച്ച് പണി പൂർത്തീകരിച്ചിട്ടുണ്ട്. 2023-24 ൽ കെട്ടിട നവീകരണത്തിനായി NAM ഫണ്ടിൽ നിന്നും 4,50,000 രൂപ വിനിയോഗിച്ച് പണി പൂർത്തീകരിച്ചിട്ടുണ്ട്.

4. എൻ.എച്ച്.എം. പി.എച്ച്.സി ആര്യങ്കോട്

മുറ്റം ഇന്റർലോക്ക് ചെയ്യുന്നതിനായി LSGD ഫണ്ട് 1 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് .

5. ഗവ. ആയുർവേദ ഡിസ്പൻസറി, കുന്നത്തുകാൽ

2022-23 ൽ യോഗ ഹാൾ മെയിന്റനൻസിനായി നാഷണൽ ആയുഷ് മിഷൻ ഫണ്ട് 4,50,000/- അനുവദിക്കുകയും പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

6. ഗവ.ആയുർവേദ ഡിസ്പൻസറി, അരുവിപ്പുറം

2021-22 ൽ പ്ലാൻ ഫണ്ട് (8,00,000/-) രൂപ വിനിയോഗിച്ച് അറ്റകുറ്റ പണികളും 2022-23 ൽ NAM ഫണ്ട് (30,00,000/-) വിനിയോഗിച്ച് ആയുർകർമ്മ കെട്ടിടവും 2022-23 ൽ NAM ഫണ്ട് (4,50,000/-) രൂപ വിനിയോഗിച്ച് ഓ പി ബ്ലോക്ക് നിർമാണവും 2022-23 ൽ LSGD ഫണ്ട് (3,42,964/-) രൂപ വിനിയോഗിച്ച് അറ്റകുറ്റ പണികളും 2023-24 ൽ പ്ലാൻ ഫണ്ട് (52,558/-) രൂപ വിനിയോഗിച്ച് ഇലക്ട്രിഫിക്കേഷനും നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം-2

## പാറശാല മണ്ഡലത്തിലെ സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കിയ പ്രവർത്തനങ്ങൾ

1. **NHM (Homoeo) APHC പാറശ്ശാല:-** കെട്ടിട നിർമ്മാണത്തിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം വഴി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാകാറായിട്ടുണ്ട്. കൂടാതെ 13 ലക്ഷം രൂപയുടെ മരുന്നുകൾ വാങ്ങുന്നതിനുള്ള ഫണ്ടും അനുവദിച്ചിട്ടുണ്ട്. മരുന്നുകൾ വാങ്ങുന്നതിനുള്ള നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്.

2. **NHM (Homoeo) APHIC ഒറ്റശേഖരമംഗലം:** ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം വഴി 9.47 ലക്ഷം രൂപയുടെ മരുന്നുകൾ വാങ്ങുന്നതിനുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട്. മരുന്നുകൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുമുണ്ട്.

3. **NHM (Homoeo) APHIC കുന്നത്തുകാൽ:** ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം വഴി 10.25 ലക്ഷം രൂപയുടെ മരുന്നുകൾ വാങ്ങുന്നതിനുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട്. മരുന്നുകൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തികരിച്ചിട്ടുമുണ്ട്.

4. **NHM (Homoco) APHC വെള്ളറട-** കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾക്കായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം വഴി 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ 8.34 ലക്ഷം രൂപ മരുന്നുകൾ വാങ്ങുന്നതിനും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിലേക്കായി ഒരു ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

5. **സർക്കാർ ഹോമിയോ ഡിസ്പെൻസറി കൊല്ലയിൽ:** ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം വഴി 16 ലക്ഷം രൂപ മരുന്നുകൾ വാങ്ങുന്നതിനും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിലേക്കായി 1,21,489/- രൂപയും, ഫർണിച്ചർ വാങ്ങുന്നതിന് 50,000/- രൂപയും, സ്ഥാപനത്തിന്റ്റെ അറ്റകുറ്റ പണികൾക്കായി 46,000/-രൂപയും അനുവദിച്ചിട്ടുണ്ട്.

6. **സർക്കാർ ഹോമിയോ ഡിസ്പെൻസറി ആര്യങ്കോട്:** ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം വഴി 15.5 ലക്ഷം രൂപ മരുന്നുകൾ വാങ്ങുന്നതിനും, ലാപ്ടോപ് വാങ്ങുന്നതിലേക്കായി 50,000/-രൂപയും, ഇൻവർട്ടർ വാങ്ങുന്നതിന് 25,000/- രൂപയും, സ്ഥാപനത്തിന്റെ ഓഫീസ് ചെലവുകൾക്കായി 35,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

7. **സർക്കാർ ഹോമിയോ ഡിസ്പെൻസറി കുന്നത്തുകാൽ:** ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം മരുന്നുകൾ വാങ്ങുന്നതിനായി 10.25 ലക്ഷം രൂപയും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിലേക്കായി 1.5 ലക്ഷം രൂപയും, ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനായി 1.5 രൂപയും അനുവദിച്ചിട്ടുണ്ട്.

8. **സർക്കാർ ഹോമിയോ ഡിസ്പെൻസറി അമ്പൂരി:** ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം മരുന്നുകൾ വാങ്ങുന്നതിനായി 7 ലക്ഷം രൂപയും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിലേക്കായി 99,983/- രൂപയും, ഇൻവർട്ടർ വാങ്ങുന്നതിനായി 50,000/- രൂപയും സ്ഥാപനത്തിൻ്റെ ദൈനദിന ചെലവുകൾക്കായി 25,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

9. **സർക്കാർ ഹോമിയോ ഡിസ്പെൻസറി കള്ളിക്കാട്**- ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം 12.5 ലക്ഷം രൂപ മരുന്നുകൾ വാങ്ങുന്നതിനും സ്ഥാപനത്തിന്റെ ദൈനംദിന ചെലവുകൾക്കായി 1.75 ലക്ഷം രൂപയും, വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിനായി 15,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

10. **സർക്കാർ ഹോമിയോ ഡിസ്പെൻസറി പെരുങ്കടവിള** - ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം 10.5 ലക്ഷം രൂപ മരുന്നുകൾ വാങ്ങുന്നതിനും സ്ഥാപനത്തിന്റെ ചെലവുകൾക്കായി 1.35 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

അനുബന്ധം-3

1. ഗവ.ആയുർവേദ ആശുപത്രി, പാറശ്ശാല

1. പ്ലാൻ ഫണ്ട് -7500000/- OP BLOCK നിർമാണം പണി പൂർത്തിയായി
2. നാഷണൽ ആയുഷ് മിഷൻ ഫണ്ട് -7500000/- പേ വാർഡ് നിർമാണം പൂർത്തിയായി
3. എം എൽ എ ഫണ്ട് -9990000/- IP BLOCK നിർമാണം - പണി പൂർത്തിയായി
4. എം എൽ എ ഫണ്ട് - 5000000/- പുതിയ ഓ പി ഫേസ് 2 ബ്ലോക്കിന്റെ നിർമാണം പുരോഗമിച്ചു വരുന്നു

2. ഗവ. ആയുർവേദ ഡിസ്പൻസറി, കള്ളിക്കാട്

പെയിന്റിംഗ്, കെട്ടിട അറ്റകുറ്റപ്പണികൾ(LSGD ഫണ്ട് ) 1 ലക്ഷം രൂപ - പണി പൂർത്തിയായി

3. ഗവ.ആയൂർവേദ ഡിസ്പൻസറി, ഒറ്റശേഖരമംഗലം

1. കെട്ടിട നവീകരണം (LSGD ഫണ്ട്)- 2,50,000/- - പണി പൂർത്തീകരിച്ചിട്ടുണ്ട്.
2. കെട്ടിട നവീകരണം (NAM ഫണ്ട്) 4,50,000/- - പണി പൂർത്തീകരിച്ചിട്ടുണ്ട്.

4. ഗവ.ആയൂർവേദ ഡിസ്പൻസറി, കുന്നത്തുകാൽ

1. യോഗ ഹാൾ മെയിന്റനൻസ് (NAM ഫണ്ട്)- 450000/- പണി പൂർത്തീകരിച്ചിട്ടുണ്ട്.

5. ഗവ. ആയൂർവേദ ഡിസ്പൻസറി, അരുവിപ്പുറം

1. അറ്റകുറ്റ പണികൾ (പ്ലാൻ ഫണ്ട് -800000/-) പണി പൂർത്തീകരിച്ചിട്ടുണ്ട്
2. ആയുർകർമ കെട്ടിടം ( NAM ഫണ്ട്) 3000000/- പണി പൂർത്തീകരിച്ചിട്ടുണ്ട്
3. ഓ പി ബ്ലോക്ക് ( NAM ഫണ്ട്) 450000/- പണി പൂർത്തീകരിച്ചിട്ടുണ്ട്.
4. അറ്റകുറ്റ പണികൾ (LSGD ഫണ്ട്) 342964/- പണി പൂർത്തീകരിച്ചിട്ടുണ്ട്.
5. ഇലക്ട്രിഫിക്കേഷൻ ( പ്ലാൻ ഫണ്ട്) 52558/- പണി പൂർത്തീകരിച്ചിട്ടുണ്ട്.

6. എൻ.എച്ച്.എം. പി.എച്ച്.സി ആര്യങ്കോട്

1. മുറ്റം ഇന്റർലോക്ക് ചെയ്യൽ (LSGD ഫണ്ട്) 100000/-

സെക്രട്ടറി

അനുബന്ധം-4

**2016 മുതൽ പാറശ്ശാല മണ്ഡലത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും ചിലവഴിച്ച തുകയുടെ വിവരങ്ങൾ**

| സ്ഥാപനം | വർഷം | മരുന്ന് വാങ്ങൽ | ഇൻസിനേറ്റർ സ്ഥാപിക്കൽ | ഫയർ സിസ്റ്റം സ്ഥാപിക്കൽ | നാപ്കിൻ ഇൻസിനേറ്റർ | കൗമാരഭൃത്യം | പഞ്ചകർമ്മ പദ്ധതി |
|---|---|---|---|---|---|---|---|
| GAH പാറശ്ശാല | 2016-17 | 50000 | | | | 0 | 3027000 |
| | 2017-18 | 50000 | | | | 866302 | 3288940 |
| | 2018-19 | 50000 | 280000 | | | 910000 | 3493600 |
| | 2019-20 | 66000 | | | | 956970 | 3572800 |
| | 2020-21 | 66000 | | | | 701860 | 3516480 |
| | 2021-22 | 66000 | | | | 811182 | 2259435 |
| | 2022-23 | 66000 | | | 20992 | 286600 | 2882010 |
| | 2023-24 | 66000 | | | | 685715 | 2520065 |
| | 2024-25 | 66000 | | | | 177210 | 2851210 |
| | 2025- ഇതുവരെ | 66000 | | | | 76010 | 924060 |
| GAD അരുവിപ്പുറം | 2016-17 | 24999 | | | | | |
| | 2017-18 | 25000 | | | | | |
| | 2018-19 | 25000 | | | | | |
| | 2019-20 | 49440 | | | | | |
| | 2020-21 | 40000 | | | | | |
| | 2021-22 | 40000 | | | | | |
| | 2022-23 | 40000 | | | | | |
| | 2023-24 | 40000 | | 14750 | | | |
| | 2024-25 | 40000 | | | | | |
| | 2025- ഇതുവരെ | 40000 | | | | | |
| | 2016-17 | 24999 | | | | | |
| | 2017-18 | 25000 | | | | | |
| | 2018-19 | 25000 | | | | | |
| | 2019-20 | 49440 | | | | | |
| | 2020-21 | 40000 | | | | | |
| | 2021-22 | 40000 | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| GAD അമ്പൂരി | 2022-23 | 40000 | | | | | |
| | 2023-24 | 40000 | | | | | |
| | 2024-25 | 40000 | | | | | |
| | 2025- ഇതുവരെ | 40000 | | | | | |
| GAD കള്ളിക്കാട് | 2016-17 | 24999 | | | | | |
| | 2017-18 | 25000 | | | | | |
| | 2018-19 | 25000 | | | | | |
| | 2019-20 | 49440 | | | | | |
| | 2020-21 | 40000 | | | | | |
| | 2021-22 | 40000 | | | | | |
| | 2022-23 | 40000 | | | | | |
| | 2023-24 | 40000 | | | | | |
| | 2024-25 | 40000 | | | | | |
| | 2025- ഇതുവരെ | 40000 | | | | | |
| GAD കുന്നത്തുകാൽ | 2016-17 | 24999 | | | | | |
| | 2017-18 | 25000 | | | | | |
| | 2018-19 | 25000 | | | | | |
| | 2019-20 | 49440 | | | | | |
| | 2020-21 | 40000 | | | | | |
| | 2021-22 | 40000 | | | | | |
| | 2022-23 | 40000 | | | | | |
| | 2023-24 | 40000 | | | | | |
| | 2024-25 | 40000 | | | | | |
| | 2025- ഇതുവരെ | 40000 | | | | | |
| GAD ഒറ്റശേഖരമംഗലം | 2016-17 | 24999 | | | | | |
| | 2017-18 | 25000 | | | | | |
| | 2018-19 | 25000 | | | | | |
| | 2019-20 | 49440 | | | | | |
| | 2020-21 | 40000 | | | | | |
| | 2021-22 | 40000 | | | | | |
| | 2022-23 | 40000 | | | | | |
| | 2023-24 | 40000 | | | | | |
| | 2024-25 | 40000 | | 12272 | | | |
| | 2025- ഇതുവരെ | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | ൈ | 40000 | | | | | |
| | 2016-17 | 24999 | | | | | |
| | 2017-18 | 25000 | | | | | |
| | 2018-19 | 25000 | | | | | |
| | 2019-20 | 49440 | | | | | |
| | 2020-21 | 40000 | | | | | |
| | 2021-22 | 40000 | | | | | |
| | 2022-23 | 40000 | | | | | |
| | 2023-24 | 40000 | | | | | |
| GAD വെള് ളറട | 2024-25 | 40000 | | | | | |
| | 2025- ഇതുവരൈ | 40000 | | | | | |

സെക്ഷൻ ഓഫീസർ

അനുബന്ധം - 5

| ക്രമ നമ്പർ | വർഷം | പദ്ധതിയുടെ പേര് | ഫണ്ട് | ഭരണാനുമതി തുക (രൂപ) | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | 2017-18 | പൂഴനാട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന പ്രവർത്തി | എൻ.എച്ച്.എം | 14,47,826 | നിർമാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 2 | 2018-19 | പാറശ്ശാല ടിഎച്ച്ക്യൂഎച്ചിൽ മലിനജല സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം | പ്ലാൻ | 2,20,00,000 | നിർമാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 3 | 2018-19 | അമ്പൂരി പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന പ്രവർത്തി | എൻ.എച്ച്.എം | 23,26,737 | നിർമാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 4 | 2018-19 | കുന്നത്തുകാൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന പ്രവർത്തി | എൻ.എച്ച്.എം | 57,78,568 | നിർമാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 5 | 2018-19 | കൊല്ലയിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന പ്രവർത്തി | എൻ.എച്ച്.എം | 23,57,910 | നിർമാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 6 | 2018-19 | കള്ളിക്കാട് ന്യൂ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന പ്രവർത്തി | എൻ.എച്ച്.എം | 34,30,214 | നിർമാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 7 | 2018-19 | ചെമ്പൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ | പ്ലാൻ | 14,00,000 | നിർമാണ നവീകരണ |

| | | | | | |
|---|---|---|---|---|---|
| | | കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന പ്രവർത്തി | | | പ്രവർത്തികൾ പൂർത്തീകരിച്ചു |
| 8 | 2018-19 | ഒറ്റശേഖരമംഗലം ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയിൽ ഫർണിച്ചർ, മറ്റ് രോഗീ സൗഹൃദസൗകര്യങ്ങൾ സ്ഥാപിക്കൽ | എൻ.എച്ച്.എം | 20,00,000 | നിർമാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 9 | 2018-19 | കുന്നത്തുകാൽ ഗവ. ആയുർവേദ ഡിസ്പെൻസറിയിൽ ഫർണിച്ചർ, മറ്റ് രോഗീ സൗഹൃദസൗകര്യങ്ങൾ സ്ഥാപിക്കൽ | എൻ.എച്ച്.എം | 16,75,938 | നിർമാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 10 | 2019-20 | കോരണം കോട് സബ്സെന്ററിനെ ജനകീയാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | എൻ.എച്ച്.എം | 7,00,000 | നിർമാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 11 | 2019-20 | ചിലമ്പറ സബ്സെന്ററിനെ ജനകീയാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | എൻ.എച്ച്.എം | 7,00,000 | നിർമാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 12 | 2019-20 | മഞ്ചവിളാകം സബ്സെന്ററിനെ ജനകീയാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | എൻ.എച്ച്.എം | 7,00,000 | നിർമാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 13 | 2019-20 | വാവോട് സബ്സെന്ററിനെ ജനകീയാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | എൻ.എച്ച്.എം | 7,00,000 | നിർമാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 14 | 2019-20 | ഒറ്റശേഖരമംഗലം സബ്സെന്ററിനെ ജനകീയാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | എൻ.എച്ച്.എം | 7,00,000 | നിർമാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| | | പരശുവയ്ക്കൽ | | | |

| | | | | | |
|---|---|---|---|---|---|
| 15 | 2020-21 | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന പ്രവർത്തി | എൻ.എച്ച്.എം | 15,50,000 | നിർമാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 16 | 2020-21 | കോട്ടുകോണം സബ്സെന്ററിനെ ജനകീയാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | എൻ.എച്ച്.എം | 7,00,000 | നിർമാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 17 | 2020-21 | കുടപ്പനമൂട് സബ്സെന്ററിനെ ജനകീയാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | എൻ.എച്ച്.എം | 7,00,000 | നിർമാണ നവീകരണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 18 | 2020-21 | തേക്കുപാറ സബ്സെന്ററിനെ ജനകീയാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | എൻ.എച്ച്.എം | 7,00,000 | നിർമാണ നവീകരണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 19 | 2020-21 | മേരിഗിരി സബ്സെന്ററിനെ ജനകീയാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | എൻ.എച്ച്.എം | 7,00,000 | നിർമാണ നവീകരണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 20 | 2021-22 | കുന്നത്തുകാൽ സബ്സെന്ററിനെ ജനകീയാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | എൻ.എച്ച്.എം | 2,78,00,000 | നിർമാണ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 21 | 2021-22 | വെള്ളറട സിഎച്ച്സിയെ ബ്ലോക്ക്കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | പ്ലാൻ | 40,00,000 | നിർമാണ നവീകരണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 22 | 2021-22 | കൊല്ലയിൽ മെയിൻ സബ്സെന്ററിനെ ജനകീയാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | എൻ.എച്ച്.എം | 7,00,000 | നിർമാണ നവീകരണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| | | കാരാളി സബ്സെന്ററിനെ | | | |

| | | | | | |
|---|---|---|---|---|---|
| 23 | 2021-22 | ജനകീയാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | എൻ.എച്ച്.എം | 7,00,000 | നിർമാണ നവീകരണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 24 | 2021-22 | ആമ്പാടി സബ്സെന്ററിനെ ജനകീയാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | എൻ.എച്ച്.എം | 7,00,000 | നിർമാണ നവീകരണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 25 | 2021-22 | വാഴിച്ചൽ സബ്സെന്ററിനെ ജനകീയാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | എൻ.എച്ച്.എം | 7,00,000 | നിർമാണ നവീകരണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 26 | 2021-22 | പുഴനാട് മെയിൻ സബ്സെന്ററിനെ ജനകീയാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | എൻ.എച്ച്.എം | 7,00,000 | നിർമാണ നവീകരണ പ്രവർത്തികൾ പുരോഗമിക്കുന്നു |
| 27 | 2021-22 | മൈലച്ചൽ മെയിൻ സബ്സെന്ററിനെ ജനകീയാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | എൻ.എച്ച്.എം | 7,00,000 | നിർമാണ നവീകരണ പ്രവർത്തികൾ പുരോഗമിക്കുന്നു |

മെഡിക്കൽ ഓഫീസർ